പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : *168

16.02.2016-ൽ

മറുപടിയ്ക്ക്

## ജനമൈത്രി എക്സൈസ് ഓഫീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോസഫ് വാഴയ്ക്കൻ :<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ.വി.റ്റി.ബൽറാം :<br>ശ്രീ.കെ.ശിവദാസൻ നായർ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ജനമൈത്രി എക്സൈസ് ഓഫീസ് ആരംഭിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. ഇതിന്റെ ഭാഗമായി അട്ടപ്പാടിയിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ആദിവാസി മേഖലകളിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിക്കെതിരെ ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്ന സന്നദ്ധ സംഘടനകളുടെ സഹകരണം ഉറപ്പാക്കി അതിലൂടെ മദ്യമയക്കമരുന്നുകളുടെയും ലഹരിവസ്തുക്കളുടെയും ഉപഭോഗംമൂലം ഉണ്ടാകുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുക, മദ്യ മയക്കമരുന്നുകളുടെ ഉൽപ്പാദനവും വിപണനവും ഇല്ലായ്മ ചെയ്യുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ ജനങ്ങളുടെ സഹകരണം ഉറപ്പാക്കി കുറ്റവാളികളെ നിയമത്തിന്റെ |

മുമ്പിൽകൊണ്ടുവരിക എന്നീ ലക്ഷ്യങ്ങളാണ് ജനമൈത്രി എക്സൈസ് എന്ന പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സ്ത്രീ ശാക്തീകരണ സംഘടനയായ മഹിളാ സാമൂഹിക തായ് കുല സംഘം, കുടുംബശ്രീ, എല്ലാ എക്സൈസ് റേഞ്ചിന്റെയും അധികാരപരിധിയിലുള്ള സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ വ്യാജമദ്യം, ലഹരിവസ്തുക്കൾ എന്നിവയുടെ ഉൽപ്പാദന വിപണ കേന്ദ്രങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ശക്തമായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ മദ്യ-മയക്കുമരുന്ന് മാഫിയകൾക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

(സി) അട്ടപ്പാടി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 15 അംഗങ്ങൾ ഉള്ള എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ആയതിലേക്ക് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ -1, എക്സൈസ് ഇൻസ്പെക്ടർ -1, അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ -1, പ്രിവന്റീവ് ഓഫീസർ -3, സിവിൽ എക്സൈസ് ഓഫീസർ -8 എക്സൈസ് ഡ്രൈവർ-1

എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത സ്ക്വാഡിന്റെ രൂപീകരണം ലഹരിവിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങളിൽ ഗുണപരമായ മാറ്റം വരുത്തിയിട്ടുണ്ട്. ആദിവാസി ഊരുകളിലെ ഊരുമൂപ്പൻമാർ, അട്ടപ്പാടിയിലെ സന്നദ്ധ സംഘടനകൾ കോളേജുകൾ, സ്കൂളുകൾ ഐ.റ്റി.ഐ, പോളിടെക്നിക്കുകൾ ലഹരിവിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു. പോലീസ് ഫോറസ്റ്റ് വകുപ്പുകളുമായി ചേർന്നും സംയുക്ത റെയ്ഡുകൾ നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**